CCM(28) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**22.01.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പ്മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ നിയമസഭാ മന്ദിരത്തിലെ ചേമ്പറിൽ ആരംഭിച്ചു ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.01.2013–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** വാർഷിക പദ്ധതി (2013–14) നിർവഹണ പുരോഗതി അവലോകനം അടുത്ത യോഗത്തിലേയ്ക്ക് മാറ്റി വച്ചു.

**2.2** അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് യൂണിഫോം നൽകുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ചതു കൂടാതെ അധികമായി വേണ്ടി വരുന്ന തുക സമാഹരിക്കുന്നതിന് മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും 13505 രൂപ വീതം വികസനഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് അനുവദിച്ചു. അതിനായി പ്രോജക്ട് ഭേദഗതി നടത്താമെന്നും നിർദ്ദേശിച്ചു.

**2.3** സേവാഗ്രാം ഗ്രാമകേന്ദ്രം പ്രവർത്തന മാർഗരേഖയുടെ കരട് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു.

**2.4** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് 2014 ജനുവരി 31 വരെ സമയപരിധി അനുവദിച്ചു തീരുമാനിച്ചു. ഈ കാലയളവിൽ ഒരു തവണ ഭേദഗതി ചെയ്ത പ്രോജക്ടിൽ തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ ഒരു തവണ കൂടി ഭേദഗതി ചെയ്യാവുന്നതാണ്.

**2.5** അടുത്ത വാർഷിക പദ്ധതി (2014–15) രൂപീകരണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി അംഗീകരിക്കുന്നതിനുള്ള സമയപരിധി 2014 ജനുവരി 31 വരെയും, ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 10 വരെയും ദീർഘിപ്പിച്ചു നൽകി.

**2.6** സംസ്ഥാനതലത്തിൽ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി പുതുതായി നിയോഗിക്കപ്പെടുന്ന/സ്ഥലം മാറി വരുന്ന ഉദ്യോഗസ്ഥർക്ക് യൂസെർ നെയിം, പാസ്വേർഡ് നൽകുന്നതിനുള്ള ചുമതല സംസ്ഥാന പ്ലാനിംഗ് ബോർഡിലെ ജില്ലാ ആസൂത്രണ ഡിവിഷൻ ചീഫിന് നൽകി തീരുനമാനിച്ചു. അതിനനൃസൃതമായ സോഫ്ട് വെയർ ക്രമീകണങ്ങൾ നടത്താൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2.7** പുതുതായി നിയമിക്കപ്പെടുന്ന/സ്ഥലം മാറി വരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാർക്ക് യൂസർ നെയിം, പാസ്വേർഡ് നൽകുന്ന ചുമതല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അസിസ്റ്റന്റ്

ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്ക് പഞ്ചായത്ത് ഡയറക്ടറും, മുനിസിപ്പൽ കോർപ്പറേഷൻ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിനും ചുമതല നൽകി തീരുമാനിച്ചു. അതിനനുസൃതമായ സോഫ്ട് വെയർ ക്രമീകരണങ്ങൾ നടത്താൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2.8** ജലനിധി ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി നടപ്പിലാക്കാൻ അനുവദിച്ചു തീരുമാനിച്ചു. പരിഷ്ക്കരിച്ച ആസൂത്രണ മാർഗരേഖയിൽ ഇതുപ്രകാരം ആവശ്യമായ ഭേദഗതി ഉൾക്കൊള്ളിക്കാൻ നിർദ്ദേശിച്ചു.

**2.9** ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ഡിജിറ്റൽ സിഗ്നേച്ചർ അനുവദിക്കുന്നത് സംബന്ധിച്ച വിഷയങ്ങളും മറ്റും തീരുമാനിക്കുന്നതിന് NIC പ്രതിനിധികളുമായി ചർച്ച ചെയ്യാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 അറക്കുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 190/ഡി.ബി1/14/തസ്വഭവ)

**തീയതി 22.01.2014**

2013-14 വാർഷിക പദ്ധതിയിൽ സമ്പൂർണ്ണ ഭവന പദ്ധതിക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും അധിക വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ ടി വിഹിതം കൂടി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവു ചെയ്യാൻ അനുമതി നൽകണമെന്നയാവശ്യം കമ്മിറ്റി ചർച്ച ചെയ്തു. 11.03.2013-ലെ 83/13/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് ഭവന പദ്ധതികൾ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 1029/ഡി.ഡി.2/14/തസ്വഭവ)

**തീയതി 22.01.2014**

മഞ്ചേരി ആശുപത്രി കെട്ടിടനിർമ്മാണം ഭേദഗതി ചെയ്യണമെന്ന ആവശ്യത്തിൽ പദ്ധതി ഭേദഗതികൾ 31.012014 വരെ ആകാമെന്ന പൊതു തീരുമാനം ബാധകമാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കൊടുവള്ളി ബ്ലോക്ക്പഞ്ചായത്ത് (ഫയൽ നം. 80042/ആർ.ഡി.1/13/തസ്വഭവ)

**തീയതി 22.01.2014**

വെജിറ്റബിൾ മാർക്കറ്റിംഗിന് കെട്ടിടം പണിയാൻ അനുവദിക്കണമെന്ന ആവശ്യം ബ്ലോക്ക് പഞ്ചായത്ത് ശുപാർശ ചെയ്ത തരത്തിൽ HADA യുടെ ധനസഹായത്തോടെ നിർവഹിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പാലക്കാട് നഗരസഭ (ഫയൽ നം. 77846/ഡി.ബി.3/13/തസ്വഭവ)**

**തീയതി 22.01.2013**

പാലക്കാട് നഗരസഭയുടെ 6 പ്രോജക്ടുകൾക്കു പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് നഗരകാര്യ വകുപ്പ് പ്രതിനിധി യോഗത്തെ അറിയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കുത്തിയതോട് ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 79970/ഡി.എ.2/13/തസ്വഭവ)**

**തീയതി. 22.01.2014**

കുത്തിയതോട് ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന ചതുപ്പു നിറഞ്ഞ പ്രദേശത്ത് താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുടെ വാസസ്ഥലം ഗ്രാവലിട്ട് ഉയർത്തുന്ന പ്രോജക്ടിന് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 അന്നമനട പഞ്ചായത്ത് (ഫയൽ നം. 52371/ഡി.ബി3/13/തസ്വഭവ)**

**തീയതി 22.01.2014**

അന്നമനട ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പദ്ധതിക്ക് പി.എച്ച്.സി.ക്ക് ഒരു മിനി ആംബുലൻസ് വാങ്ങി നൽകാൻ ആംബുലൻസിന്റെ തുടർ ചെലവുകൾ, ഡ്രൈവർ ശമ്പളം എന്നിവ പി.എച്ച്.സി.യുടെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ അനുവദിച്ചു.

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 643/ഡി.ഡി.2/14/തസ്വഭവ)**

**തീയതി .22.01.2014**

ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിന് ക്ഷീര സംഘങ്ങൾ ഇല്ലാത്ത പ്രദേശത്തെ വനിത സ്വയം സഹായ സംഘത്തിലെ ക്ഷീര കർഷകരെക്കൂടി പരിഗണിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പി.എൻ. പണിക്കർ ഫൗണ്ടഷൻ (ഫയൽ നം. 47708/എഫ്.എം.2/13/തസ്വഭവ)**

**തീയതി .22.01.2014**

പി.എൻ പണിക്കർ ഫൗണ്ടേഷന്റെ ഇ– സാക്ഷരത പരിപാടിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് റിലീസ് ചെയ്ത് കഴിഞ്ഞിട്ട് പഞ്ചായത്തുകളിൽ നിന്നും ധനസഹായത്തെക്കുറിച്ച് പരിഗണിക്കാമെന്നും തനത് ഫണ്ടിൽ നിന്നോ, അക്ഷയയിൽ നിക്ഷേപിച്ചതിൽ ബാക്കി നിൽക്കുന്ന തുകയോ നൽകാവുന്നതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 പാവറട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 69437/ഡി.എ.2/13/തസ്വഭവ)**
**തീയതി 22.01.2014**

പട്ടികജാതിക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതും, ലാപ്ടോപ് വിതരണവും പ്രോജക്ടിൽ ഏതു യോഗ്യതയുള്ളവർക്കാണ് പരിശീലനം നൽകുന്നതെന്നും ആരാണ് പരിശീലനം നൽകുന്നതെന്നും, തൊഴിൽ സൗകര്യം ചെയ്യുന്നത് ആരെന്നുമുള്ള വിശദമായ റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 13-ാം ധനകാര്യ കമ്മീഷൻ (ഫയൽ നം. 65099/ഏഫ്.എം.1/13/തസ്വഭവ)**
**തീയതി 22.01.2014**

ധനകാര്യ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ചുനക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 2485/ഏഫ്.എം.3/14/തസ്വഭവ)**
**തീയതി 22.01.2014**

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീ ചാർജ് ചെയ്യാൻ ചെലവിന്റെ 50% ശതമാനം പരമാവധി 3000/-രൂപ പരിധിക്ക് വിധേയമായി അനുവദിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് തീയതി 22.01.2014**

പ്രോജക്ട് ഭേദഗതി 31.01.2014 വരെ അനുവദിച്ചത് ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിനും ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മലപ്പുറം ജില്ലാ പഞ്ചായത്ത് (തീയതി 22.01.2014)**

പൊതു തീരുമാനം 2.8 ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് (തീയതി 22.01.2014)**

കോതമംഗലം ബ്ലോക്കിൽ ക്ലാർക്കിനെ നിയമിക്കുന്നത് വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പത്തനംതിട്ട മുനിസിപ്പാലിറ്റി (തീയതി 22.01.2014)**

പൊതു തീരുമാനം 2.4 ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16** വാത്തിക്കുടി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 4027/ഡി.എ2/14/തസ്വഭവ))
**തീയതി 22.01.2014**

.
പൊതു തീരുമാനം 2.4 ബാധകമെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ശാന്തൻപാറ ഗ്രാമപഞ്ചായത്ത്**
**(ബഹു.ശ്രീ.കെ.കെ. ജയചന്ദ്രൻ എം.എൽ.എ യുടെ കത്ത്.) തീയതി 22.01.2014**

ഇടുക്കി ജില്ലയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ആംബുലൻസ് വിൽപന നടത്തി പകരം പുതിയ ആംബുലൻസ് വാങ്ങാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് (തീയതി 22.01.2014)**

വൃദ്ധർക്ക് കമ്പിളി നൽകുന്ന പ്രോജക്ട് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പോരൂർ ഗ്രാമപഞ്ചായത്ത് (തീയതി 22.01.2014)**

ഫിസിയോ തെറാപ്പിസ്റ്റിനള്ള വേതനം വർദ്ധിപ്പിക്കാനുള്ള ആവശ്യം കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിക്കേണ്ടതല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പോരൂർ ഗ്രാമപഞ്ചായത്ത് (തീയതി 22.01.2014)**

പോരൂർ ഗ്രാമപഞ്ചായത്ത് എൻ.ജി.ഒ സഹകരണത്തോടെ നടപ്പാക്കുന്ന ഭവന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകണമെന്നയാവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് (തീയതി 22.01.2014)**

പഞ്ചായത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വയല സർവീസ് സഹകരണസംഘത്തിലെ അംഗങ്ങൾക്കുള്ള പരിശീലനം സ്റ്റോർ നവീകരണം തുടങ്ങിയ പ്രോജക്ടുകൾ അംഗീകരിക്കാവുന്നതല്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കൊല്ലം ജില്ലാ പഞ്ചായത്ത് (തീയതി 22.01.2014)**

വികലാംഗർക്ക് സ്ക്കൂട്ടർ വിത്ത് സൈഡ് വീൽ പ്രോജക്ട് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നടപ്പാക്കാവുന്നതാണെന്നും അതിനു മുമ്പായി മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളുടെ വൈകല്യം ഉറപ്പു വരുത്തുകയും വേണമെന്ന് നിശ്ചയിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് (തീയതി 22.01.2014)**

പഞ്ചായത്തിന്റെ വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്ന പ്രോജക്ട് നിരസിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് (തീയതി 22.01.2014)**

ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് (തീയതി 22.01.2014)**

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് (തീയതി 22.01.2014)**

വികലാംഗർക്ക് മുച്ചക്ര വാഹനം എന്ന പ്രോജക്ടിന് അനുവാദം നൽകി തീരുമാനിച്ചു. ഇനം 3.22 –ലെ വ്യവസ്ഥകൾ ബാധകമാണെന്നും നിശ്ചയിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി വിഹിതം (തീയതി 22.01.2014)**

നടപ്പ് സാമ്പത്തിക വർഷം ഇന്ദിരാ ഭവന പദ്ധതിയിൽ അധിക ധനസഹായമായി ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തുകൾ വകയിരു ത്തേണ്ട വിഹിതം 25:50:25 എന്ന അനുപാതത്തിലും 2014–15 സാമ്പത്തിക വർഷം 25:40:35 അനുപാതത്തിലുമാണ്. പദ്ധതിയിൽ അധിക ധനസഹായമായി നൽകേണ്ട വിഹിതത്തിലെ കുറവ് പരിഹരിക്കുന്നതിന്

ഗ്രാമ–ബ്ലോക്ക്–ജില്ലാ–പഞ്ചായത്തുകൾക്ക് നിശ്ചയിച്ചിട്ടുള്ള അനുപാതം വകയിരുത്തേണ്ട ഏറ്റവും കുറഞ്ഞ വിഹിതമായിരിക്കുമെന്നും സംസ്ഥാനത്തെ മിക്ക ബ്ലോക്ക് പഞ്ചായത്തുകൾക്കും നിശ്ചയിച്ച ഈ തുക വകയിരുത്തുന്നതിന് തുക അപര്യാപ്തമാണെന്നും യോഗം വിലയിരുത്തി. ബ്ലോക്ക് പഞ്ചായത്തുകളുടെ ഈ കുറവ് പരിഹരിക്കുന്നതിന് നിശ്ചയിച്ച അനുപാതത്തെക്കാൾ കൂടുതൽ തുക വകയിരുത്തുവാൻ സന്നദ്ധതയുള്ള ഗ്രാമ–ജില്ലാ–പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളുടെ അഭ്യർത്ഥന പ്രകാരം കൗൺസിൽ തീരുമാനത്തിന് വിധേയമായി നടപ്പുസാമ്പത്തിക വർഷവും തുടർന്നുള്ള വർഷങ്ങളിലും ഇതിനുള്ള അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് തീയതി 22.01.2014**

പൊതു തീരുമാനം 2.8 ബാധകമായിരിക്കുമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്**
**(ഫയൽ നം. 1962/എഫ്.എം.2/14/തസ്വഭവ) (തീയതി 22.01.2014)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന സംരംഭകത്വ വികസന പരിപാടികളുടെ ഭാഗമായുള്ള പരിശീലന പരിപാടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തുന്ന ഉത്തരവ് ഉടനെ പുറപ്പെടുവിക്കാൻ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം**

ഹാർബർ എഞ്ചിനീയറിംഗ് വിംഗിനെ തീരദേശ സംബന്ധവും മത്സ്യമേഖലയുമായി ബന്ധപ്പെട്ടതുമായ നിർമ്മാണ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൺസൾട്ടന്റായും പ്രസ്തുത പ്രവൃത്തികളുടെ നിർവഹണ ഏജൻസിയായും നിശ്ചയിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കുന്ദമംഗലം ഗ്രാമപഞ്ചായത്ത്**

കുന്ദമംഗലം പഞ്ചായത്ത് പടനിലം ഗവ.എൽ.പി സ്ക്കുളിന് വാഹനം വാങ്ങി നൽകാനുള്ള പദ്ധതി അംഗീകരിച്ചു തീരുമാനിച്ചു. വാഹനത്തിന്റെ തുടർ ചെലവുകൾ, ഡ്രൈവറുടെ വേതനം എന്നിവ പി.റ്റി.എ.യുടെ ചുമതലയിലായിരിക്കുമെന്നും നിശ്ചയിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കേരള ആയുർവേദിക് സംഹകരണ സംഘം നം, എഫ് 1654 കോഴിക്കോട്**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആയുർവേദ ആശുപത്രികളിൽ ഔഷധ വിതരണം നടത്തുന്നതിന് നൽകിയ അനുമതിയുടെ കാലാവധി നീട്ടിക്കൊടുക്കുന്നത് വകുപ്പുതലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 29.01.2014 ന് നിയമസഭാ മന്ദിരത്തിലെ ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ ചേമ്പറിൽ 3 PM ന് കൂടുന്നതാണ്.***

(യോഗം 4.15 ന് അവസാനിച്ചു.)